**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2270** **09-02-2023 - ൽ മറുപടിയ്ക്ക്**

**ടേക്ക് എ ബ്രേക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടേക്ക് എ ബ്രേക്ക് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ആകെ 724 എണ്ണം ടോയിലറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിച്ചതിലൂടെ എന്താണ് ലക്ഷ്യം വെച്ചതെന്നും, ഇത് സാക്ഷാൽക്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും പരിശോധിച്ചിട്ടുണ്ടോ; | (ബി) | ദേശീയ സംസ്ഥാന പാതയോര പ്രദേശങ്ങളിലും, ബസ് സ്റ്റേഷനുകൾ, മാർക്കറ്റുകൾ, മാളുകൾ തുടങ്ങിയ ഇടങ്ങളിൽ അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള യാത്രക്കാർക്ക് ഏതു സമയത്തും ഉപയോഗിക്കാവുന്ന |

| ജില്ലയുടെ പേര് | പൂർത്തിയാക്കിയ ടോയിലറ്റുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 61 |
| കൊല്ലം | 19 |
| പത്തനംതിട്ട | 62 |
| ആലപ്പുഴ | 53 |
| കോട്ടയം | 52 |
| ഇടുക്കി | 52 |
| എറണാകുളം | 74 |
| തൃശ്ശൂർ | 92 |
| പാലക്കാട് | 55 |
| മലപ്പുറം | 50 |
| കോഴിക്കോട് | 35 |
| വയനാട് | 15 |
| കണ്ണൂർ | 73 |
| കാസർഗോഡ് | 31 |
| ആകെ | 724 |

| | | | |
|---|---|---|---|
| | | | തരത്തിൽ ആധുനിക സംവിധാന സൗകര്യമുൾപ്പെടെയുള്ള ടോയിലറ്റ് കോംപ്ലക്സുകൾ നിർമ്മിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തുകൾ എങ്ങനെയാണ് ഏജൻസികളെ ഏൽപ്പിച്ചിരിക്കുന്നത്; ഇത് സംബന്ധിച്ച് പൊതുവായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; | (സി) | ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിൽ കുടുംബശ്രീ പദ്ധതി പ്രവർത്തകരാണ് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല നിർവഹിക്കുന്നത്. ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് 1401/2020/ത.സ്വ.ഭ.വ തീയതി 27.07.2020, സർക്കാർ ഉത്തരവ് (സാധാ) നം.960/2022/LSGD തീയതി 18.04.2022 എന്നിവ പ്രകാരം പൊതുവായ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ചില പഞ്ചായത്തുകളിൽ യൂസർ ഫീ ഇനത്തിൽ കൂടുതൽ തുക വാങ്ങിക്കുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് തയ്യാറാവുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. യൂസർഫീ വാങ്ങുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് (സാധാ) നം.1401/2020/ത.സ്വ.ഭ.വ തീയതി 27.07.2020 പ്രകാരം പൊതുവായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ